No. CEE/3600/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2021

## കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം അപേക്ഷകൾ ക്ഷണിച്ചു.

1. **സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ താഴെ കൊടുത്തിരിക്കുന്ന ഡിഗ്രി കോഴ്സുകളിലേക്ക് 2021-22 വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.**

| | | |
|---|---|---|
| A | *മെഡിക്കൽ കോഴ്സുകൾ | (1) എം.ബി.ബി.എസ്.<br>(2) ബി.ഡി.എസ്.<br>(3) ബി.എച്ച്.എം.എസ് (ഹോമിയോ)<br>(4) ബി.എ.എം.എസ്.(ആയുർവേദ)<br>(5) ബി എസ്.എം.എസ് (സിദ്ധ)<br>(6) ബി.യു.എം.എസ്. (യുനാനി) |
| B | * മെഡിക്കൽ അനുബന്ധ കോഴ്സുകൾ | (1) ബി.എസ്.സി.(ഓണേഴ്സ്) അഗ്രികൾച്ചർ,<br>(2) ബി.എസ്.സി.(ഓണേഴ്സ്) ഫോറസ്ട്രി<br>(3) ബി.എസ്.സി.(ഓണേഴ്സ്) കോ–ഓപ്പറേഷൻ & ബാങ്കിംഗ്<br>(4) ബി.എസ്.സി. (ഓണേഴ്സ്) ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയോൺമെന്റൽ സയൻസ്<br>(5) ബി.ടെക് (ബയോടെക്നോളജി)<br>(6) വെറ്ററിനറി (ബി.വി.എസ്.സി. & എ.എച്ച്)<br>(7) ഫിഷറീസ് (ബി.എഫ്.എസ്.സി.) |
| C | **എഞ്ചിനീയറിംഗ് കോഴ്സുകൾ | **ബി.ടെക് ഡിഗ്രി കോഴ്സുകൾ** (കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ബി.ടെക് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, **കേരള വെറ്ററിനറി & ആനിമൽ സയൻസസ്** യൂണിവേഴ്സിറ്റിയുടെ കിഴിലുള്ള ബി.ടെക് ഡയറി ടെക്നോളജി, **ബി.ടെക് ഫുഡ് ടെക്നോളജി** എന്നീ കോഴ്സുകൾ, **കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ** കീഴിലുള്ള ബി.ടെക് ഫുഡ് ടെക്നോളജി കോഴ്സ് ഉൾപ്പെടെ) |
| D | **ഫാർമസി കോഴ്സ് | ബി.ഫാം |
| E | *** ആർക്കിടെക്ച്ചർ കോഴ്സ് | ബി. ആർക്ക് |

* മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പ്രവേശനത്തിന് NEET - UG 2021 യോഗ്യത നേടിയിരിക്കണം.

** എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും. ഫാർമസി കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയുടെ പേപ്പർ–1 (ഫിസിക്സ്, കെമിസ്ട്രി) പരീക്ഷയിൽ യോഗ്യത നേടിയിരിക്കണം.

*** ആർക്കിടെക്ചർ കോഴ്സ് പ്രവേശനത്തിന് കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന NATA-2021 യോഗ്യത 15.08.2021 ന് മുമ്പ് നേടിയിരിക്കണം.

2. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** മേൽപ്പറഞ്ഞ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന **2021 ജൂൺ 01 മുതൽ ജൂൺ 21 വൈകുന്നേരം 5.00 മണി** വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥിയുടെ ഫോട്ടോ, ഒപ്പ്, ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ എന്നിവ **2021 ജൂൺ 21 നകം** അപേക്ഷയോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ എന്നിവ ഒഴികെയുള്ള മറ്റ് അനുബന്ധ രേഖകൾ ഓൺലൈനായി

അപ്‌ലോഡ് ചെയ്യുന്നതിന് **30.06.2021** വൈകുന്നേരം **5.00** മണി വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷയും അനുബന്ധരേഖകളും തപാൽ മാർഗം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതില്ല. അപേക്ഷകൻ ഏതെങ്കിലും ഒരു കോഴ്സിനോ/ എല്ലാ കോഴ്സുകളിലേയ്ക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.

## 3. പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:

**I. നേറ്റിവിറ്റി–** അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം. Persons of Indian Origin(PIO) /Overseas Citizen of India(OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇന്ത്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്. എന്നാൽ PIO/ OCI അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾക്കും ഫീസാനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് അപേക്ഷകരെ കേരളീയൻ (Keralite), കേരളീയേതരൻ I–ാം വിഭാഗം (NK-I), കേരളീയേതരൻ II–ാം വിഭാഗം (NK-II) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

**(A) കേരളീയൻ:** അപേക്ഷകനോ, മാതാപിതാക്കളിലാരെങ്കിലോ കേരളത്തിൽ ജനിച്ചവരാണെങ്കിൽ അപേക്ഷകനെ 'കേരളീയൻ' ആയി കണക്കാക്കും. അതിനായി നിശ്ചിത സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 6.1 കാണുക.) 'കേരളീയൻ' വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് വിവിധ സാമുദായിക/പ്രത്യേക /ഭിന്നശേഷിയുള്ളവർക്കുള്ള സംവരണാനുകൂല്യങ്ങളും ഫീസ് ഇളവുകളും ലഭ്യമാകുക.

കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ (എ.ഐ.എസ്) മക്കളെയും കേരളീയരായി പരിഗണിക്കുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മാതാവ്/പിതാവ് കേരള കേഡറിൽ ജോലി ചെയ്യുന്ന എ.ഐ.എസ്. ഉദ്യോഗസ്ഥരാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സർക്കാർ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ ഇവർക്ക് സംവരണാനുകൂല്യങ്ങൾക്കോ, ഫീസ് ഇളവുകൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

**(B) കേരളീയേതരൻ I–ാം വിഭാഗം:** കേരളത്തിൽ അല്ല ജനിച്ചതെങ്കിലും താഴെപ്പറയുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് പാലിക്കുന്നുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളെ കേരളീയേതരൻ I–ാം വിഭാഗം ആയി കണക്കാക്കുന്നതാണ്.

a) കേരളത്തിൽ ജോലിക്ക് നിയോഗിക്കപ്പെട്ട കേരളീയരല്ലാത്ത ഇന്ത്യാ ഗവൺമെന്റ് ജീവനക്കാരുടെയും പ്രതിരോധ വകുപ്പ് ജീവനക്കാരുടെയും മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

b) അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇന്ത്യൻ പൗരൻ ആണെന്നു തെളിയിക്കുന്നതിനായി അപേക്ഷകൻ അല്ലെങ്കിൽ അപേക്ഷകന്റെ മാതാവ്/പിതാവ് കേരളത്തിൽ ജനിച്ചചാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞത് രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്ന കേരളീയരല്ലാത്ത മാതാപിതാക്കളുടെ മക്കൾ; അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

c) പന്ത്രണ്ട് വർഷത്തെ പഠനകാലയളവിൽ അഞ്ച് വർഷക്കാലം കേരളത്തിൽ താമസിച്ചിട്ടുള്ള കേരളീയരല്ലാത്ത അപേക്ഷകർ.

d) കേരളത്തിലെ സ്കൂളുകളിൽ VIII മുതൽ XII വരെ ക്ലാസ്സുകൾ പഠിച്ചിട്ടുള്ള കേരളീയരല്ലാത്ത അപേക്ഷകർ.

കേരളീയേതരൻ I–ാം വിഭാഗം അപേക്ഷകർ അത് തെളിയിക്കുന്നതിനുള്ള രേഖ അപേക്ഷയോടൊപ്പം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. കേരളീയേതരൻ I–ാം വിഭാഗം അപേക്ഷാർത്ഥികളെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ **'സ്റ്റേറ്റ് മെരിറ്റ്'** സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതാണ്. സാമുദായിക/ പ്രത്യേക/ഭിന്നശേഷി വിഭാഗ സംവരണത്തിനോ, ഫീസിളവുകൾക്കോ ഇവർക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

**(C) കേരളീയേതരൻ–II–ാം വിഭാഗം:** കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നിവയിൽപ്പെടാത്ത അപേക്ഷാർത്ഥികളെ കേരളീയേതരൻ II-ാം വിഭാഗം ആയി പരിഗണിക്കുന്നതാണ്. ഇത്തരം അപേക്ഷാർത്ഥികൾക്ക് സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവണ്മെന്റ് സീറ്റുകളിലേയ്ക്കും മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവണ്മെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നിവയിൽപ്പെട്ട വിദ്യാർത്ഥി

കളുടെ അഭാവത്തിൽ മാത്രമേ കേരളീയേതരൻ II-ാം വിഭാഗത്തെ പരിഗണിക്കുകയുള്ളൂ. കൂടാതെ കേരളീയേതരൻ II-ാം വിഭാഗം അപേക്ഷാർത്ഥികൾക്ക് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/സിദ്ധ കോളേജുകളിലെ ഗവണ്മെന്റ് സീറ്റുകളിലേയ്ക്കും മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ സ്വാശ്രയ സിദ്ധ കോളേജിലെ സിദ്ധ കോഴ്സിന് കേരളീയൻ/കേരളീയേതരൻ I-ാം വിഭാഗം എന്നിവയിൽപ്പെട്ട വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രമേ കേരളീയേതരൻ II-ാം വിഭാഗത്തെ പരിഗണിക്കുകയുള്ളൂ. കേരളീയേതരൻ II-ാം വിഭാഗം വിദ്യാർത്ഥികൾ സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലെ പരമാവധി 10% സീറ്റുകളിൽ പ്രവേശനത്തിന് അർഹരാണ്. കേരളീയേതരൻ II-ാം വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് സീറ്റുകളിലേയ്ക്കും, ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലും, സർക്കാർ എഞ്ചിനീയറിംഗ്/ഫാർമസി കോളേജുകളിലും പ്രവേശനത്തിന് അർഹതയില്ല. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ MBBS/BAMS/BSMS/BUMS കോഴ്സിന്റെ 15% അഖിലേന്ത്യാ ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തുന്ന NEET -UG 2021 ന്റെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം ജനനസ്ഥലം പരിഗണിക്കാതെയായിരിക്കും. കേരളീയേതരൻ II-ാം വിഭാഗം വിദ്യാർത്ഥികൾ സാമുദായിക പ്രത്യേക/ഭിന്നശേഷി വിഭാഗ സംവരണത്തിനോ ഫീസ് ആനുകൂല്യങ്ങൾക്കോ അർഹരല്ല.

**കുറിപ്പ്: അപേക്ഷകന്റെ നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.**

## II. വിദ്യാഭ്യാസ യോഗ്യത:

### (a) മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ

(i) MBBS, BDS എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കും ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേക മിനിമം പാസ് മാർക്കും നേടിയിരിക്കണം.

(ii) BAMS, BHMS എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കും ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേക മിനിമം പാസ് മാർക്കും നേടിയിരിക്കണം.

(iii) BSMS കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്ക്, നേടിയിരിക്കണം. കൂടാതെ വിദ്യാർത്ഥി പത്താം ക്ലാസ്സിൽ/പന്ത്രണ്ടാം ക്ലാസിൽ തമിഴ് ഒരു വിഷയമായി പഠിച്ച് ജയിച്ചിരിക്കണം. അല്ലെങ്കിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സിൽ പ്രവേശനം ലഭിച്ച് ആദ്യ വർഷത്തിനുള്ളിൽ തമിഴ് ലാംഗ്വേജ് കോഴ്സ് ജയിച്ചിരിക്കണം.

(iv) BUMS കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കും, ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് പ്രത്യേക മിനിമം പാസ് മാർക്കും നേടിയിരിക്കണം. കൂടാതെ (a) വിദ്യാർത്ഥി പത്താം ക്ലാസ്സിൽ ഉറുദു, അറബിക്, പേർഷ്യൻ എന്നിവയിലേതെങ്കിലും ഒരു വിഷയമായി പഠിച്ച് ജയിച്ചവരോ അല്ലെങ്കിൽ സർക്കാർ അംഗീകൃത സൊസൈറ്റി/ബോർഡ്/യൂണിവേഴ്സിറ്റി നടത്തുന്ന ഉറുദു പ്രവേശന പരീക്ഷ ജയിച്ചവരോ ആയിരിക്കണം. അല്ലെങ്കിൽ (b) ഒരു വർഷം ദൈർഘ്യമുള്ള പ്രീ–ടിബ് പരീക്ഷ ജയിച്ചിരിക്കണം.

(v) അഗ്രിക്കൾച്ചർ, ഫിഷറീസ് കോഴ്സുകളിലേയ്ക്കുള്ള BSc.(Hons.) Agri., BSc (Hons.) Forestry, B.Sc (Hons.) Co-operation & Banking, B.Tech Biotechnology (under KAU), BFSc പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തത്തിൽ 50 ശതമാനം മാർക്ക് നേടി ജയിച്ചവർ അർഹരാണ്.

(vi) B.Sc (Hons.) Climate Change & Environmental Science പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തത്തിൽ

50 ശതമാനം മാർക്ക് നേടി ജയിച്ചവർ അർഹരാണ്. കൂടാതെ ഹയർ സെക്കന്ററി തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കേണ്ടതാണ്.

(vi) BVSc & AH കോഴ്സിനു പ്രവേശനം നേടുന്നതിന് അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തം 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടി ജയിച്ചിരിക്കണം.

(vii) ബി.എസ്.സി ഡിഗ്രി യോഗ്യതയുള്ളവർ: ഫിസിക്സ്, കെമിസ്ട്രി/ബയോളജി ഐച്ഛിക വിഷയങ്ങളായി കേരള പ്രിഡിഗ്രി, ഹയർ സെക്കന്ററി അല്ലെങ്കിൽ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പരീക്ഷകൾ പാസ്സായിരിക്കേണ്ടതും മുഖ്യ വിഷയത്തിനും ഉപവിഷയങ്ങൾക്കും മൊത്തത്തിൽ 50% മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, സുവോളജി , ബോട്ടണി അല്ലെങ്കിൽ ബയോടെക്നോളജി മുഖ്യവിഷയമായും ഇവയിൽ ഒന്നോ രണ്ടോ എണ്ണം ഉപവിഷയമായും എടുത്ത് B.Sc ഡിഗ്രി (ത്രിവത്സര കോഴ്സ്) പാസ്സായ അപേക്ഷകർക്ക് MBBS,BDS, BAMS, BHMS, BSMS കോഴ്സുകളിൽ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ BSMS കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥി പത്താം ക്ലാസ്സിൽ/പന്ത്രണ്ടാം ക്ലാസിൽ തമിഴ് ഒരു വിഷയമായി പഠിച്ച് ജയിച്ചിരിക്കണം. അല്ലെങ്കിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സിൽ പ്രവേശനം ലഭിച്ച് ആദ്യ വർഷത്തിനുള്ളിൽ തമിഴ് ലാംഗ്വേജ് കോഴ്സ് ജയിച്ചിരിക്കണം.

| |
|---|
| പ്രോസ്പെക്ടസിലെ ക്ലോസ് **9.7.5 (ii)&(iii)** പ്രകാരമുള്ള **NEET -UG 2021** യോഗ്യതയും പ്രോസ്പെക്ടസ് ക്ലോസ് **6.1** പ്രകാരമുളള നേറ്റിവിറ്റി വ്യവസ്ഥകളും ഉള്ള വിദ്യാർത്ഥികളെ മാത്രമേ മെഡിക്കൽ **&** മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പ്രവേശനത്തിന് പരിഗണിക്കൂ. |

## (b) <u>എഞ്ചിനീയറിംഗ് കോഴ്സുകൾ:–</u>

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക് (അഗ്രി. എഞ്ചിനീയറിംഗ്), ബി.ടെക് (ഫുഡ് ടെക്നോളജി), കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക് (ഡയറി ടെക്നോളജി), ബി.ടെക് (ഫുഡ് ടെക്നോളജി), കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സുകൾ.

കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, മാത്തമാറ്റിക്സ് എന്നിവ നിർബന്ധിത വിഷയങ്ങളായും, കെമിസ്ട്രി ഒരു ഓപ്ഷണൽ വിഷയമായും പഠിച്ച് ഈ വിഷയങ്ങൾക്ക് മൊത്തത്തിൽ 45% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനത്തിന് അർഹരാണ്. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവരുടെ കംപ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കംപ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടെയും, കെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടെയും മാർക്ക് പരിഗണിക്കുന്നതാണ്.

**<u>കുറിപ്പ്:–</u>**

1) *രണ്ടു വർഷത്തെ കേരള ഹയർ സെക്കന്ററി കോഴ്സിലോ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള മറ്റു രണ്ടു വർഷ കോഴ്സുകളിലോ അതത് വിഷയങ്ങളിൽ ഓരോന്നിനും രണ്ടു വർഷത്തിനും കൂടി ഹയർസെക്കന്ററി ബോർഡ് നൽകിയിട്ടുള്ള മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കുവേണ്ടി പരിഗണിക്കുന്നത്.*
2) *അവസാന വർഷം (12–ാം ക്ലാസ്സ്) മാത്രം ബോർഡ് പരീക്ഷ നടത്തുന്ന ഹയർ സെക്കന്ററി കോഴ്സുകളിൽ അതത് വിഷയത്തിന് ഹയർ സെക്കന്ററി ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കായി പരിഗണിക്കുന്നത്.*
3) *മറ്റെല്ലാത്തരം ഹയർ സെക്കന്ററി കോഴ്സുകൾക്കും അതത് പരീക്ഷാ ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അതത് വിഷയങ്ങളുടെ മാർക്കുകൾ വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കും.*
4) *കേരള വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷ, കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷയ്ക്കു തുല്യമാണെന്ന് അംഗീകരിച്ചിട്ടുണ്ട്.*
5) *ഇന്ത്യാ ഗവണ്മെന്റ്/റസിപ്രോക്കൽ ക്വാട്ടാ നോമിനി സീറ്റുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് പ്രോസ്പെക്ടസ് ക്ലോസ് **6.2.2** പ്രകാരമുള്ള നിശ്ചിത അക്കാദമിക യോഗ്യത ഉണ്ടായിരിക്കണം.*

## (c) ആർക്കിടെക്ചർ കോഴ്സ്:

(i) കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നിവ നിർബന്ധിത വിഷയങ്ങളായി പഠിച്ച് 10+2 സ്കീമിലുള്ള പരീക്ഷ ജയിക്കുകയോ അഥവാ 10+3 സ്കീമിലുള്ള ഡിപ്ലോമ പരീക്ഷയിൽ കണക്ക് നിർബന്ധ വിഷയമായെടുത്ത് ജയിക്കുകയോ ചെയ്തവർ ആർക്കിടെക്ചർ കോഴ്സിന് അപേക്ഷിക്കാൻ അർഹരാണ്.

(ii) മുകളിൽ പറയുന്ന നിബന്ധനയ്ക്കു പുറമേ, അപേക്ഷാർത്ഥികൾ, NATA (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ) യിൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നിബന്ധന പ്രകാരമുള്ള നിശ്ചിത യോഗ്യത നേടിയിരിക്കണം. 11.03.2008 ലെ കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ Lr.No.CA/5/Academic-NATA എന്ന കത്ത് പ്രകാരം സാമുദായിക സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് NATAയോഗ്യതാ മാനദണ്ഡത്തിൽ ഇളവുണ്ടായിരിക്കുന്നതല്ല. വിദ്യാർത്ഥികൾ 15.08.2021 ന് മുമ്പായി NATA യോഗ്യത നേടിയിരിക്കേണ്ടതാണ്.

(iii) 5 വർഷം ദൈർഘ്യമുള്ള ആർക്കിടെക്ചർ കോഴ്സിലേക്ക് രണ്ടാം വർഷമോ മറ്റോ ലാറ്ററൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

(d) **ബി.ഫാം കോഴ്സ്**

കേരളാ ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർസെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഇംഗ്ലീഷ് ഒരു വിഷയമായും ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്/ബയോളജി എന്നീ വിഷയങ്ങൾ ഓപ്ഷണലായും പഠിച്ച് ഓരോന്നിലും മിനിമം പാസ് മാർക്ക് നേടി ജയിച്ചവർ അർഹരാണ്.

## III യോഗ്യതാ പരീക്ഷയിലെ മാർക്കുകളിൽ ഇളവ്:

1. **എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകൾക്ക്** എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 40% മാർക്ക് മതിയാകും. ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 45% മാർക്ക് മതിയാകും.
2. **ബി.എ.എം.എസ്/ബി.എച്ച്.എം.എസ്/ബി.എസ്.എം.എസ്/ബി.യു.എം.എസ് കോഴ്സുകൾക്ക്** എസ്.സി/ എസ്.റ്റി/ എസ്.ഇ.ബി.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 40% മാർക്ക് മതിയാകും. ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 45% മാർക്ക് മതിയാകും.
3. **അഗ്രിക്കൾച്ചർ (BSc.(Hons.) Agri.), ഫോറസ്ട്രി (BSc.(Hons.) Forestry)**, B.Sc (Hons.) Co-operation & Banking,) **B.Sc (Hons.) Climate Change & Environmental Science, B.Tech . Biotechnology (under KAU), ഫിഷറീസ് (BFSc.)** കോഴ്സുകൾക്ക് എസ്.ഇ.ബി.സി/ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് വേണ്ട മിനിമം യോഗ്യതയിൽ 5% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ എസ്.സി/എസ്.റ്റി വിഭാഗം വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ മിനിമം പാസ് മാർക്ക് മതിയാകും.
4. **ബി.വി.എസ്.സി & എ.എച്ച് കോഴ്സുകൾക്ക്** എസ്.ഇ.ബി.സി/എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് പ്രവേശനത്തിന് 47.5% മാർക്ക് മതിയാകും.
5. **എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്** എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി/ഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് പ്രവേശനത്തിന് 40% മാർക്ക് മതിയാകും.

*<u>കുറിപ്പ്:</u> ഒ.ഇ.സി അപേക്ഷകർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും യോഗ്യതാ പരീക്ഷയിൽ എസ്.ഇ.ബി.സി അപേക്ഷകർക്ക് അനുവദിക്കുന്ന ഇളവുകൾ മാത്രമേ ലഭ്യമാകുകയുള്ളൂ.*

## IV വയസ്സ്

അപേക്ഷകന് 31.12.2021–ൽ 17 (പതിനേഴ്) വയസ്സ് പൂർത്തിയായിരിക്കണം. കുറഞ്ഞ പ്രായപരിധിയിൽ ഇളവ് ഇല്ല. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ബി.ഫാം കോഴ്സുകൾക്ക് ഉയർന്ന പ്രായപരിധി ഇല്ല. മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ ഉയർന്ന പ്രായപരിധി NEET UG -2021 ഇൻഫർമേഷൻ ബുള്ളറ്റിനിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും. അപേക്ഷകന്റെ ജനനതീയതി തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്.

## 4. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ തീയതിയും സമയവും:

കേരളത്തിലെ വിവിധ താലൂക്ക് കേന്ദ്രങ്ങൾ, ന്യൂഡൽഹി, മുംബൈ, ദുബായ് (യു.എ.ഇ) എന്നിവിടങ്ങളിൽ വച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം അനുസരിച്ച് നടത്തുന്നതായിരിക്കും.

| എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ | | | | |
|---|---|---|---|---|
| 24.07.2021 | ശനിയാഴ്ച | 10.00 am - 12.30 pm | പേപ്പർ I | ഫിസിക്സ് & കെമിസ്ട്രി |
| | | 2.30 pm – 5.00 pm | പേപ്പർ II | മാത്തമാറ്റിക്സ് |

<u>കുറിപ്പ്</u>: 1. ബി.ഫാം കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്നവർ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ I (ഫിസിക്സ് & കെമിസ്ട്രി) നിർബന്ധമായും എഴുതേണ്ടതാണ്.

2. കേരളത്തിന് പുറത്ത് പരീക്ഷാ കേന്ദ്രം തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഡൽഹി, ബോംബെ, ദുബായ് എന്നിവയ്ക്ക് പുറമെ കേരളത്തിനകത്ത് ഒരു പരീക്ഷാ കേന്ദ്രം കൂടി അധികമായി തെരെഞ്ഞെടുക്കേണ്ടതും, അവിചാരിതമായ കാരണങ്ങളാൽ കേരളത്തിന് പുറത്തുള്ള പരീക്ഷാകേന്ദ്രം റദ്ദാക്കപ്പെട്ടാൽ കേരളത്തിനകത്ത് അധികമായി തെരെഞ്ഞെടുത്ത കേന്ദ്രത്തിൽ അവർ പരീക്ഷ എഴുതേണ്ടതുമാണ്.
3. കേരളത്തിനകത്ത് പരീക്ഷ കേന്ദ്രം തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അതേ ജില്ലയിൽ തന്നെ മറ്റൊരു പരീക്ഷാ കേന്ദ്രം കൂടി തെരഞ്ഞെടുക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. അവിചാരിതമായ കാരണങ്ങളാൽ ഏതെങ്കിലും പരീക്ഷാ കേന്ദ്രം റദ്ദാക്കേണ്ടി വന്നാൽ രണ്ടാമതായി തെരഞ്ഞെടുത്ത കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

   പരീക്ഷാ കേന്ദ്രം മാറ്റുന്നതിനുള്ള അപേക്ഷകൾ യാതൊരു സാഹചര്യത്തിലും പരിഗണിക്കുന്നതല്ല.

## 5. അപേക്ഷാ ഫീസ്:

| ക്രമ.നം. | കോഴ്സുകൾ | ജനറൽ | എസ്.സി | എസ്.റ്റി |
|---|---|---|---|---|
| (a) | എഞ്ചിനീയറിംഗ് മാത്രം/ബി.ഫാം മാത്രം/രണ്ടും കൂടി | 700 | 300 | ഇല്ല |
| (b) | ആർക്കിടെക്ചർ മാത്രം/ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ മാത്രം/ രണ്ടും കൂടി | 500 | 200 | ഇല്ല |
| (c) | (a) & (b) | 900 | 400 | ഇല്ല |

(എ) താഴെ പറയുന്ന രണ്ടു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ച് അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 7.3. കാണുക)

(i) ഓൺലൈൻ പെയ്മെന്റ്: (വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ കാണുക)

(ii) ഇ–ചെലാൻ: ഓൺലൈൻ അപേക്ഷ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ–ചെലാൻ പ്രിന്റൗട്ട് ഉപയോഗിച്ച് കേരളത്തിലെ തിരഞ്ഞെടുത്ത പോസ്റ്റോഫീസുകളിൽ പണമായി അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ദുബായ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ളവർ: എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ കേന്ദ്രമായി ദുബായ് തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർ, അപേക്ഷാ ഫീസിനു പുറമെ അധിക ഫീസായി 12,000/–രൂപ കൂടി ഒടുക്കേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 7.2.2 കാണുക).

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം അനുസരിച്ചായിരിക്കും പരീക്ഷാ സമയം ക്രമീകരിച്ചിട്ടുള്ളത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

**കുറിപ്പ്:**– *ഒടുക്കിയ അപേക്ഷാ ഫീസ് ഒരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.*

## 6. ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിയും സമയവും :

ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി **21.06.2021 വൈകുന്നേരം 5 മണി** വരെയാണ്. ഈ തീയതിയ്ക്കകം അപേക്ഷാർത്ഥിയുടെ ഫോട്ടോ (ആറു മാസത്തിനുള്ളിലെടുത്തത്), ഒപ്പ്, ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് **30.06.2021 വൈകുന്നേരം 5.00 മണി വരെ** അവസരം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷയുടെ അക്നോളഡ്ജ്മെന്റ് പേജിന്റെ പകർപ്പോ മറ്റ് രേഖകളോ തപാൽ മുഖേനെയോ/നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതില്ല.

## 7. ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ:

**(i) നേറ്റിവിറ്റി, ജനനതീയതി തെളിയിക്കുന്നതിനുള്ള രേഖകൾ:** അപേക്ഷ സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും നേറ്റിവിറ്റി, ജനനതീയതി എന്നിവ തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 6.1, 6.3 കാണുക)

**(ii) സാമുദായിക സംവരണം/പ്രത്യേക സംവരണം മറ്റ് ആനുകൂല്യങ്ങൾ എന്നിവ ആവശ്യമുള്ളവർ:** (പ്രോസ്പെക്ടസ് ക്ലോസ് 5.2 മുതൽ 5.7 കാണുക)

a) സാമൂഹികമായും, വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളും (എസ്.ഇ.ബി.സി), മറ്റർഹ സമുദായത്തിൽപ്പെട്ട (ഒ.ഇ.സി) വിദ്യാർത്ഥികളും കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നിശ്ചിത മാതൃകയിലുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. നോൺക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത ഒ.ഇ.സി അപേക്ഷകർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കു വേണ്ടി വില്ലേജ് ഓഫീസർ നല്കുന്ന ജാതി സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

b) എസ്.സി/എസ്.ടി വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്ന് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. മിശ്ര വിവാഹിതരിൽ ഒരാൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെങ്കിൽ എസ്.സി/എസ്.ടി സംവരണാനുകൂല്യത്തിനായി മേല്പറഞ്ഞ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം തഹസീൽദാരിൽ നിന്നു ലഭിക്കുന്ന മിശ്രവിവാഹ സർട്ടിഫിക്കറ്റും, മകളുടെ/മകന്റെ (അപേക്ഷകൻ) ഒന്നാം ക്ലാസ് അഡ്മിഷൻ രജിസ്റ്ററിന്റെ Extract, SSLCയുടെബന്ധപ്പെട്ട പേജും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൻ മറ്റ് ബോർഡുകളിൽ (ICSE,CBSE, മുതലായവ) പഠനം

പൂർത്തിയാക്കിയവരാണെങ്കിൽ മാതാപിതാക്കളുടെ SSLCയുടെ ബന്ധപ്പെട്ട പേജ് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ 1950 ന് മുമ്പ് കേരളത്തിലേക്ക് കുടിയേറിയവരുടെ മക്കളാണ് അപേക്ഷകരെങ്കിൽ കുടിയേറ്റം തെളിയിക്കുന്നതിനാവശ്യമായ രേഖകളും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

c) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കായി (EWS) മാറ്റി വയ്ക്കപ്പെട്ട സീറ്റിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (അനക്സർ XXVI (a)&(b) കാണുക)

d) പ്രോസ്‌പെക്ടസ് അനക്ഷർ X(a)-ൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളിൽപെട്ട വിദ്യാർത്ഥികൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ സംവരണാനുകൂല്യങ്ങൾക്കായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ ഫീസാനുകൂല്യങ്ങൾക്കായി വരുമാന സർട്ടിഫിക്കറ്റ് കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

e) മിശ്രവിവാഹിതരുടെ മക്കൾക്ക് എസ്.ഇ.ബി.സി സംവരണം ആവശ്യമുള്ള പക്ഷം അവർ വില്ലേജ് ഓഫീസിൽ നിന്നും നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ മിശ്രവിവാഹിതരിൽ ഒരാൾ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്രവിവാഹ സർട്ടിഫിക്കറ്റ് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

f) പ്രോസ്‌പെക്ടസ് ക്ലോസ് 5.2 പ്രകാരം ഏതെങ്കിലും പ്രത്യേക സംവരണത്തിന് അർഹരായിട്ടുള്ളവർ ആവശ്യമായ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (പ്രോസ്‌പെക്ടസ് ക്ലോസ് 5.2 കാണുക).

g) എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർ ഒഴികെയുള്ള മറ്റ് വിഭാഗക്കാർ (ജനറൽ കാറ്റഗറി ഉൾപ്പെടെ) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസാനുകൂല്യങ്ങൾ/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

h) എൻ.ആർ.ഐ ക്വാട്ടാ സീറ്റിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

i) കേരളത്തിലെ ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ കോളേജുകളിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ ഫാർമസി/ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ ന്യൂനപക്ഷ സമുദായ ക്വാട്ട (ക്രിസ്ത്യൻ/മുസ്ലീം) സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാകുന്ന അവരവരുടെ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.

**കുറിപ്പ്:** *ഭിന്നശേഷി സംവരണം ആവശ്യമുള്ളവർ ഓൺലൈൻ അപേക്ഷയിൽ പ്രസ്തുത വിവരം സൂചിപ്പിക്കേണ്ടതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ ജില്ലാ മെഡിക്കൽ ബോർഡ് നൽകിയ ശാരീരിക വൈകല്യത്തിന്റെ തോത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതില്ല. ടി വിദ്യാർത്ഥികൾ സർക്കാർ നിയോഗിച്ച സംസ്ഥാനതല മെഡിക്കൽബോർഡിനു മുമ്പിൽ നേരിട്ട് ഹാജരാകുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (പ്രോസ്‌പെക്ടസ് ക്ലോസ് 5.3 കാണുക).*

**(iii)** **കോഴ്സ് സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ്:** മെഡിക്കൽ കോഴ്സിന് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ പ്ലസ് ടു തലത്തിൽ സംസ്കൃതം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോഴ്സ് സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റിന്റെ കോപ്പി (ബാധകമെങ്കിൽ) ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അവസാന വർഷ VHSE (Agri)/HSE (NSQF Agri. stream), VHSE (Livestock Management)/HSE (Dairy Farmer Enterpreneur course, HSE Small Poultry Farmer Course) എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ അവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതിന് സ്ഥാപന മേധാവി നൽകുന്ന നിശ്ചിത ഫോർമാറ്റിലുള്ള കോഴ്സ് സർട്ടിഫിക്കറ്റ് (ഒപ്പ്, സീൽ എന്നിവ പതിപ്പിച്ച) ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. കോഴ്സ് പൂർത്തിയാക്കിയവർ യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(iv)** **എൻ.ആർ.ഐ ക്വാട്ട സീറ്റിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ:**

എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിന് അപേക്ഷകൻ/അപേക്ഷക വിദേശത്ത് ജോലി ചെയ്യുന്ന അച്ഛൻ/ അമ്മ/ സഹോദരൻ അല്ലെങ്കിൽ സഹോദരി (മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/ ഭർത്താവ്/ ഭാര്യ/ അച്ഛന്റേയോ അമ്മയുടെയോ സഹോദരീ സഹോദരൻമാർ (അച്ഛന്റേയോ അമ്മയുടെയോ മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/

അർദ്ധ സഹോദരൻ/ അർദ്ധ സഹോദരി/ ദത്തെടുത്ത അച്ഛൻ അല്ലെങ്കിൽ ദത്തെടുത്ത അമ്മയുടെ ആശ്രിതരായിരിക്കണം. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള താഴെ പറയുന്ന രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

a) എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. വിസയുടെ കാലാവധി മെഡിക്കൽ കോഴ്സുകളുടെ പ്രവേശനം അവസാനിക്കുന്ന തീയതിയായിരിക്കും.

b) പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസ്സി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാവും.

c) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും (06.08.2014–ലെ ജി.ഒ (എം.എസ്) നം.243/14/ആ.കു.വ.).

d) വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/–രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

e) സ്പോൺസർ വിദേശത്താണെങ്കിൽ വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്ന സ്പോൺസറുടെ സമ്മതപത്രം, സ്പോൺസർ ജോലിനോക്കുന്ന രാജ്യത്തിൽ നിലനിൽക്കുന്ന നിയമങ്ങൾക്ക് വിധേയമായി നോട്ടറിയോ/കൗൺസിലേറ്റോ/എംബസിയോ സാക്ഷ്യപ്പെടുത്തിയിരിക്കണം.

f) സ്പോൺസർ ഒരു ഇന്ത്യൻ പൗരൃൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

**<u>കുറിപ്പ്</u>:** *13.10.2020 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ WP(c)No.380/2019 ഉത്തരവ് പ്രകാരം ജനന സ്ഥലം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകൾ നികത്താനാവാതെ അവശേഷിക്കുന്ന പക്ഷം ജനനസ്ഥലം പരിഗണിക്കാതെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതാണ്.*

**8.** അപൂർണ്ണമായതും, നിർബന്ധമായി സമർപ്പിക്കേണ്ട വിവരങ്ങളും രേഖകളും അപ്ലോഡ് ചെയ്യാത്തവരുടെ അപേക്ഷ നിരസിക്കുന്നതാണ്.

**9.** **അഡ്മിറ്റ് കാർഡ്**: എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. അഡ്മിറ്റ് കാർഡ് പരീക്ഷാ ദിവസം പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ തപാൽ മുഖാന്തിരം അയയ്ക്കുന്നതല്ല.

**10.** എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയും വിവിധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശനവും സർക്കാർ അംഗീകരിച്ച 2021 വർഷത്തെ പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.
2021–ലെ സംസ്ഥാന പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷകർ വായിച്ച് മനസിലാക്കേണ്ടതാണ്.

* **അപേക്ഷ സമർപ്പിച്ചവരുടെ പ്രാഫൈൽ വിവരങ്ങളും അപേക്ഷയിൽ അപാകതകൾ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ ' KEAM 2021 Candidate Portal'എന്ന ലിങ്കിൽ ലഭ്യമാകുന്നതാണ്. അപേക്ഷയിൽ അപാകതകൾ ഉള്ള പക്ഷം അവ നിശ്ചിത തീയതിയ്ക്കകം പരിഹരിക്കേണ്ടതാണ്. പോർട്ടൽ ലഭ്യമാകുന്ന തീയതി വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷയേയും ബന്ധപ്പെട്ട വിഷയങ്ങളെയും സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്.**

*ഓൺലൈൻ അപേക്ഷ സമർപ്പണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പരിശീലനം ലഭിച്ച ഹയർ സെക്കൻഡറി സ്കൂൾ/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കരിയർ മാസ്റ്റർമാരുടെ സേവനം സ്വീകരിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പണത്തിന് സഹായമാകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട കരിയർ മാസ്റ്റർമാരുടെ പേരും നമ്പരും വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.*

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300**: എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ പ്രവർത്തിക്കുന്നതാണ്.

**സിറ്റിസൺസ് കോൾ സെന്റർ നമ്പർ: 155300, 0471-2335523**
ദേശീയ അവധി ദിവസങ്ങളൊഴികെ 24 മണിക്കൂറും കോൾ സെന്റർ സേവനം ലഭ്യമാണ്.

തിരുവനന്തപുരം
31.05.2021

**പ്രവേശന പരീക്ഷാകമ്മീഷണർ**